(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്കോളർ സപ്പോർട്ട് പ്രോഗ്രാം

1 (1054) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കോളർ സപ്പോർട്ട് പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) എയ്ഡഡ് കോളേജുകളിൽ ഈ പദ്ധതി നടപ്പാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട് സ്കോളർ സപ്പോർട്ട് പ്രോഗ്രാം 2012-13 അദ്ധ്യയന വർഷം മുതൽ നടപ്പാക്കി വരുന്നു. 2012-13-ൽ കേരളത്തിലെ 41 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലാണ് പദ്ധതി നടപ്പാക്കിയത്. ഒരു കോളേജിൽ അമ്പത് കുട്ടികൾക്കാണ് ഈ പദ്ധതി വഴി പ്രയോജനം ലഭിക്കുന്നത്. ആദ്യവർഷ ബിരുദ വിദ്യാർത്ഥികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് ബിരുദ പ്രോഗ്രാമിന്റെ രണ്ടും മൂന്നും വർഷങ്ങളിലും പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് പദ്ധതി രൂപകൽപന ചെയ്തിട്ടുള്ളത്.

(ബി&സി) ഓരോ കോളേജിലും കോളേജിലെ സാഹചര്യങ്ങളും ആവശ്യവും പരിഗണിച്ച് കുറഞ്ഞത് ആറ് വിഷയങ്ങളിലെങ്കിലും വേണ്ട സഹായം വിദ്യാർത്ഥികൾക്ക് നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സർവ്വകലാശാലാ തലത്തിൽ നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി പരീക്ഷകളിൽ വിദ്യാർത്ഥികൾ മോശം പ്രകടനം കാഴ്ചവച്ച വിഷയങ്ങൾ കണ്ടെത്തി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ പട്ടികയിൽനിന്നും വിദ്യാർത്ഥികളുടെ താൽപര്യം കൂടി പരിഗണിച്ച് കോളേജുതലത്തിൽ വിഷയങ്ങൾ സ്ഥാപനങ്ങൾക്ക് തെരഞ്ഞെടുക്കാം. ഒരു വിഷയം ഇംഗ്ലീഷ് ആയിരിക്കും. മറ്റ് അഞ്ച് വിഷയങ്ങൾ കോളേജ് കൗൺസിലിന്റെ സഹായത്തോടെ ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോളേജ് കണ്ടെത്തണം. അതനുസരിച്ച് പഠനത്തിന് സഹായംവേണ്ട മാർക്ക് കുറവുള്ള അമ്പത് വിദ്യാർത്ഥികളെ കണ്ടെത്തുന്നു. ഇംഗ്ലീഷിന് പത്ത് കുട്ടികളെയും മറ്റ് അഞ്ച് വിഷയങ്ങൾക്കോരോന്നിനും എട്ട് വീതം കുട്ടികളെയുമാണ് കണ്ടെത്തുന്നത്. ഇപ്രകാരം തെരഞ്ഞെടുക്കുന്ന അമ്പത് വിദ്യാർത്ഥികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഒരു വർഷം ഒരു വിഷയത്തിൽ ഇരുപത് മണിക്കൂർ വീതം ആറ് വിഷയങ്ങൾക്ക് പരമാവധി നൂറ്റിയിരുപത് മണിക്കൂർവരെ പദ്ധതിപ്രകാരം സഹായം നൽകാം. വിദ്യാർത്ഥികൾക്ക് വ്യക്തിപരമായ ശ്രദ്ധ ലഭിക്കുന്നതിന് ഓരോ വിഷയത്തിലും ഉള്ള കുട്ടികളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ ക്ലാസ്സുകൾ വഴി വിദ്യാർത്ഥികൾക്ക് സർവ്വകലാശാല പരീക്ഷയ്ക്ക് തയ്യാറെടുപ്പ് നടത്താൻ വേണ്ട സഹായം നൽകാൻ പദ്ധതി വിഭാവനം ചെയ്യുന്നു. ക്വസ്റ്റ്യൻ ബാങ്ക് വിതരണം, പൊതുവായ ചില വിഷയങ്ങളെപ്പറ്റിയുള്ള ക്ലാസ്സുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു. സർവ്വകലാശാലാ പരീക്ഷാ മാതൃകയിലുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കി വിശദമായ ഉത്തരസൂചികകളോടൊപ്പം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു. ഇതൊക്കെയാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. പദ്ധതി നടത്തിപ്പിൽനിന്നും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പ്രകടനം യൂണിവേഴ്സിറ്റിതല പരീക്ഷകളിൽ കാഴ്ചവയ്ക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 2012-13 വർഷം ഒരു പൈലറ്റ് പദ്ധതി എന്ന രീതിയിൽ സർക്കാർ കോളേജുകളിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കിയത്. 2013-14 വർഷം 45 എയ്ഡഡ് കോളേജുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2014-15 വർഷം 148 എയ്ഡഡ് കോളേജുകളിലും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

പനമ്പള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ നാക്-ന്റെ അക്രെഡിറ്റേഷൻ വിസിറ്റ്

2 (1055) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ ഏക സർക്കാർ കോളേജായ ചാലക്കുടി പനമ്പള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ഈ വർഷം നാക്-ന്റെ അക്രെഡിറ്റേഷൻ വിസിറ്റ് നടന്നതിന്റെ പശ്ചാത്തലത്തിൽ എം.എ. ഇംഗ്ലീഷ്, എം.എസ്.സി. ഫിസിക്സ്, എം.കോം. ഫൈനാൻസ്, എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകൾ അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ;